A



# സമഗ്ര ശിക്ഷാ, കേരളം

# പാദവാർഷിക മൂല്യനിർണയം 2022–23

# മലയാളം

ക്ലാസ് : 9

അടിസ്ഥാനപാഠാവലി

സമയം : 1½ മണിക്കൂർ

ആകെ സ്കോർ : 40

**നിർദേശങ്ങൾ**

- പതിനഞ്ച് മിനിറ്റ് സമാശ്വാസ സമയമാണ്. ചോദ്യങ്ങൾ വായിക്കുവാനും ഉത്തരങ്ങൾ ക്രമപ്പെടുത്തുവാനും ഈ സമയം വിനിയോഗിക്കേണ്ടതാണ്.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

**1 മുതൽ 5 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരം എഴുതുക. (4 x 1 = 4)**

1. 'തന്നരുൾകെനിക്കു വീണ്ടും സഫല ജന്മം.' തേന്മാവ് ഇങ്ങനെ പ്രാർഥിച്ചത് എന്തുകൊണ്ട് ?
   - സമൃദ്ധി പങ്കുവെക്കാതിരിക്കാനുള്ള ആഗ്രഹം
   - സമൃദ്ധി വീണ്ടും ലഭിക്കണമെന്നതിനാൽ
   - ജീവിതം സഫലമാകാത്തതിലുള്ള സങ്കടം
   - സമൃദ്ധി പങ്കുവെച്ചതിലുള്ള നിരാശ
2. താഴെ കൊടുത്തിരിക്കുന്നവയിൽ ഹരിതമോഹനം എന്ന കഥയുടെ പ്രമേയത്തിന് യോജിച്ച ആശയം ഏത്?
   - ഫ്ളാറ്റിലെ താമസക്കാർ തമ്മിലുള്ള സൗഹൃദം
   - മണ്ണിനോടും പ്രകൃതിയോടുമുള്ള സ്നേഹം
   - ഗ്രാമത്തിൽ നടക്കുന്ന കഥ
   - പ്രകൃതി ചൂഷണം ചെയ്യാനുള്ളതാണെന്ന ചിന്ത
3. അയാളുടെ <u>സഹജമായുള്ള</u> സ്വഭാവമായിരുന്നു അത്.
   അടിവരയിട്ട പദത്തിന്റെ അർഥം എന്ത്?
   (ജന്മനായുള്ള, വല്ലപ്പോഴുമുള്ള, തിന്മ കലർന്ന, സ്നേഹരഹിതമായ)
4. "<u>കാനനനിഗൂഢതകൾ</u> ഒരു ചലച്ചിത്രത്തിലെന്നതു പോലെ എന്റെ മുന്നിൽ വന്നു മറയുകയായിരുന്നു യഥേഷ്ടം."
   അടിവരയിട്ട പദത്തിന്റെ ശരിയായ വിഗ്രഹരൂപം ഏത്?
   - കാനനവും നിഗൂഢതയും
   - കാനനമാകുന്ന നിഗൂഢതകൾ
   - കാനനത്തിന്റെ നിഗൂഢതകൾ
   - കാനനമായ നിഗൂഢതകൾ
5. ചുവടെ നൽകിയ മാതൃകയ്ക്ക് സമാനമായ പദച്ചേരുവ കണ്ടെത്തി എഴുതുക.
   മാതൃക : ജല + പരപ്പ് = ജലപ്പരപ്പ്
   - ഞാൻ + ആലോചിച്ചു – ഞാനാലോചിച്ചു
   - അടി + തട്ട് – അടിത്തട്ട്
   - ഒരില + ഇട്ട് – ഒരിലയിട്ട്
   - നാം + അതിനെ – നാമതിനെ

**6 മുതൽ 10 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.**

**(4 x 2 = 8)**

6. 'അയൽപ്പാതവക്കത്തന്നു വഴിപ്പണിക്കുടച്ചിട്ടോ
രുരുളൻ കല്ലുകൾക്കൊക്കെച്ചിറകും വന്നു' (അതേ പ്രാർഥന)
ഈ വരികളിലെ പ്രയോഗഭംഗി കണ്ടെത്തി എഴുതുക

7. അർഥവ്യത്യാസം വരാതെ ഒറ്റവാക്യമാക്കുക.
"ഞാൻ തിരിഞ്ഞ് സുമനയെ നോക്കി. അവളെന്നെത്തന്നെ നോക്കി നിൽക്കുന്നു."

8. "സമൃദ്ധി മുറ്റിടുംതോറും കുനിയുകെന്നറിവുറ്റാ-
രനധ്യായം പഠിപ്പിച്ചിതതിനെച്ചുണ്ടി." *(അതേ പ്രാർഥന)*
ഈ വരികളിൽ തെളിയുന്ന ജീവിതപാഠം വ്യക്തമാക്കുക.

9. "നിങ്ങളെൻ ലോകത്തെയെന്തു ചെയ്തു" (സുഗതകുമാരി)
തള്ളക്കിളിയുടെ ഈ ചോദ്യം ഉണർത്തുന്ന ചിന്തകൾ എഴുതുക

10. "ഡേവിഡ് ലിവിങ്സ്റ്റൺ വിക്ടോറിയാ വെള്ളച്ചാട്ടം 'കണ്ടുപിടിച്ചു' എന്ന് പറയുന്നത് എന്തൊരു അസംബന്ധമാണ്." *(വെള്ളച്ചാട്ടത്തിന്റെ ഇടിമുഴക്കം)*
ഈ വാക്യം നൽകുന്ന അർഥസൂചനകൾ എന്തെല്ലാം?

**11 മുതൽ 15 വരെയുള്ള ചോദ്യങ്ങളിൽ നിന്നും ഏതെങ്കിലും 4 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

**(4 x 4 = 16)**

11. 'അതേ പ്രാർഥന' എന്ന കവിതയിലെ തേന്മാവ് കവിയുടെയും മാമ്പഴം കവിതയുടെയും പ്രതീകമാണോ? നിങ്ങളുടെ അഭിപ്രായം സമർഥിക്കുക

12. "വീഴ്ച പറ്റിയ സാംബസി തലച്ചുറ്റലോടെ വായിൽ നുരപ്പിണ്ഡവുമായി കിടന്നു മുരളുന്നു. എങ്ങോട്ടു നീങ്ങണമെന്നറിയാതെ വിരളുന്നു. ഒടുവിൽ മെല്ലെ ഒരു നാഗത്തെപ്പോലെ മുമ്പിൽ കണ്ട അളയിലേക്ക് ഇഴഞ്ഞു പോവുകയും ചെയ്യുന്നു." *(വെള്ളച്ചാട്ടത്തിന്റെ ഇടിമുഴക്കം)*

ഗദ്യഭാഷയുടെ മനോഹാരിതയാണ് ഈ യാത്രാവിവരണത്തെ ആകർഷകമാക്കുന്നത്. തന്നിരിക്കുന്ന പ്രസ്താവനയും പാഠഭാഗവും പരിശോധിച്ച് കുറിപ്പ് തയാറാക്കുക.

13. "ഹെന്തായിത്?" രാജൻപിള്ള ചോദിച്ചു. അയാൾ അമ്പരന്നുപോയിരുന്നു. സുമന പറഞ്ഞു: "ഹെർബേറിയം"
രാജൻപിള്ളയേക്കാളും അദ്ഭുതസ്തബ്ധനായി ഞാനവളെ നോക്കി." *(ഹരിതമോഹനം)*
അരവിന്ദാക്ഷൻ അദ്ഭുതസ്തബ്ധനാവാൻ കാരണമെന്ത്? നിങ്ങളുടെ നിരീക്ഷണങ്ങൾ എഴുതുക.

14. "തുംഗമാം മീനച്ചൂടാൽ തൈമാവിൻ മരതക-
ക്കിങ്ങിണി സൗഗന്ധികസ്വർണമായ്ത്തീരും മുമ്പേ" *(മാമ്പഴം - വൈലോപ്പിള്ളി)*

(തുംഗം = ഉയർന്ന, മരതകം = പച്ചനിറത്തിലുള്ള രത്നം)

"വേനൽ ചുഴന്നുതിയൂതിയതിൻ നിക്ഷേപമോരോന്നും
മാണിക്യരത്നങ്ങളാകാൻ മുതിർന്നേയുള്ളൂ." *(അതേ പ്രാർഥന - ഇടശ്ശേരി)*

രണ്ട് കവിതാഭാഗങ്ങളിലും മാമ്പഴത്തെ വർണിച്ചതിന്റെ ഭംഗി താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കുക.

15. "അച്ഛൻ കൈകൊണ്ടാണോ മണ്ണെടുത്തത്? എങ്കിൽ, അമ്മേം ചീത്ത പറയും, മണ്ണ് ഇച്ചീച്ചിയാ."

ഹരിതമോഹനം എന്ന കഥയിലെ പീലിയുടെ സംഭാഷണമാണിത്. കഥാസന്ദർഭത്തിൽ തെളിയുന്ന സാമൂഹിക വിമർശനത്തെക്കുറിച്ച് കുറിപ്പ് തയാറാക്കുക.

**16 മുതൽ 18 വരെയുള്ള ചോദ്യങ്ങൾക്ക് ഏതെങ്കിലും 2 എണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.** **(2 x6 = 12)**

16. "ഈ ഭൂമിയെ സംബന്ധിച്ച ചില ആലോചനകളിലാണ്ടു കിടക്കുകയായിരുന്നു ഞാൻ. ഇന്ത്യക്കാരും ബ്രിട്ടീഷുകാരും അതിലൊരിടത്തുമുണ്ടായിരുന്നില്ല. ഭൗമോപരിതലത്തിലെ മഹാജീവജാലങ്ങൾ മാത്രം."

"എല്ലാവരും മണ്ണും പൊടിയും അടിച്ചുവാരി പുറത്തുകളയുമ്പോൾ താനെന്തിനാ മണ്ണ് വലിച്ച് അകത്തേക്ക് കൊണ്ടുവരുന്നത്?" *(ഹരിതമോഹനം)*

ഈ സൂചനകളിൽ തെളിയുന്ന അരവിന്ദാക്ഷൻ എന്ന കഥാപാത്രത്തിന്റെ സവിശേഷതകൾ എന്തെല്ലാം? കഥയിലെ മറ്റു സന്ദർഭങ്ങൾകൂടി പരിഗണിച്ച് കഥാപാത്രനിരൂപണം തയാറാക്കുക.

17. ' 'ഈ ലോകത്തിലെ സുഖങ്ങളും സൗഭാഗ്യങ്ങളും ആവോളം ആസ്വദിച്ചോളൂ. അപ്പോഴും കൈവശമുള്ള കരണ്ടിയും അതിലെ രണ്ടു തുള്ളി എണ്ണയും മനസ്സിലുണ്ടായിരിക്കണം. അതു തന്നെയാണ് സന്തോഷത്തിന്റെ രഹസ്യം."

(പൗലോ കൊയ്‌ലോ )

'പിന്നത്തെ വസന്തത്തോടുമർഥിക്കയായ്, "ഭഗവാനേ
തന്നരുൾകെനിക്കു വീണ്ടും സഫലജന്മം"
വേറെന്തുള്ളൂ വരമെങ്കൽ, ദേവനാക്രോശിച്ചു, "സാധോ
വേദനയ്ക്കു വേണ്ടിത്താനോ ചോദിപ്പൂ വീണ്ടും !"

(ഇടശ്ശേരി)

സുഖങ്ങളും സൗഭാഗ്യങ്ങളും ആസ്വദിക്കുമ്പോഴും നന്മകൾ കാത്തു സൂക്ഷിക്കണം എന്നാണല്ലോ പൗലോ കൊയ്‌ലോ സൂചിപ്പിച്ചത്. സമൂഹത്തിനായി തനിക്കുള്ളതെല്ലാം പങ്കുവയ്ക്കുമ്പോഴാണ് ജീവിതം സഫലമാകുന്നത് എന്നാണ് ഇടശ്ശേരി വ്യക്തമാക്കുന്നത്.

ഇത്തരം മനോഭാവം വളർന്നു വരേണ്ടതല്ലേ? തന്നിരിക്കുന്ന സൂചനകളുടെ അടിസ്ഥാനത്തിൽ 'വളർത്തിയെടുക്കേണ്ട ജീവിതനന്മകൾ' എന്ന വിഷയത്തിൽ പ്രഭാഷണം തയാറാക്കുക.

18. "വിക്ടോറിയാ വെള്ളച്ചാട്ടത്തെപ്പറ്റി ഞാൻ മനസ്സിലാക്കിയത് നാമതിനെ എത്രനേരം അഭിമുഖീകരിച്ചാലും അത് നമുക്ക് പിടിതരുന്നില്ല എന്നതാണ്. അതേസമയം അതിൽനിന്ന് കണ്ണുപറിക്കാൻ അതു നമ്മെ അനുവദിക്കുകയുമില്ല."

"അവിടെയെല്ലാം ഒന്നു ചുറ്റിനടന്നതുകൊണ്ട് വിക്ടോറിയാ വെള്ളച്ചാട്ടത്തിന്റെ 'ഭാഷ' നമുക്ക് ഗ്രഹിക്കുവാൻ കഴിയുമോ എന്നു സംശയമാണ്." *(വെള്ളച്ചാട്ടത്തിന്റെ ഇടിമുഴക്കം)*

യാത്രകൾ നൽകുന്ന അറിവും അനുഭൂതിയും വർണനാതീതമാണ്. സ്വാനുഭവങ്ങൾ കൂടി പരിഗണിച്ച് കുറിപ്പ് തയാറാക്കുക.

*******